## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1879 — 8-12-2014 -ൽ മറുപടിയ്ക്ക്.

### ആശ്രിതനിയമനത്തിനുള്ള കാലതാമസം

| ചോദ്യം<br>ശ്രീ.കെ. രാജു | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി ) |
|---|---|
| (എ) ആശ്രിതനിയമനം ലഭിക്കുവാൻ അർഹരായ എത്ര അപേക്ഷകർ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) മാതൃ വകുപ്പുകളിൽ ഒഴിവില്ലാത്തതിനാൽ ഒഴിവ് നിർണ്ണയിച്ച് നൽകാനായി പൊതുഭരണ (സി.ഇ സെൽ) വകുപ്പിലേയ്ക്ക് സെക്രട്ടറിയേറ്റിലെ ഭരണ വകുപ്പുകൾ മുഖാന്തിരം ലഭിച്ച പ്രോഫോർമ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലായി 178 അപേക്ഷകർ നിലവിലുണ്ട്. വിവിധ വകുപ്പുകളിൽ നിലവിലുള്ള അപേക്ഷകരെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ ഇനത്തിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; യോഗ്യതയുള്ളവർക്ക് അനുയോജ്യമായ ഇതര വകുപ്പുകളിൽ നിയമനം നൽകുന്നതിന് തടസ്സമുണ്ടോ ; | (ബി) ആശ്രിതനിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിയ്ക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആശ്രിതനിയമനം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 6-7-2012 ലെ ജി.ഒ (എം.എസ്) നം. 174/12 ജി.എ.ഡി ഉത്തരവ് പ്രകാരം 549 തസ്തികകളും, 2-9-2013 ലെ ജി.ഒ (എം.എസ്) നം. 249/13/ജി.എ.ഡി ഉത്തരവ് പ്രകാരം 356 തസ്തികകളും ഉൾപ്പെടെ 905 തസ്തികകൾ അതാത് വകുപ്പുകളിൽത്തന്നെ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ലീഗൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് തസ്തികകളിലായി 4 അധിക സൂപ്പർന്യൂമററി തസ്തികകളും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതാത് വകുപ്പുകളിൽ ആശ്രിതനിയമനം നൽകിയത് സംബന്ധിച്ച വിവരം വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ച് വരുന്നു.ആശ്രിത നിയമന വ്യവസ്ഥകൾ പ്രകാരം മാതൃ വകുപ്പുകളിൽ നിയമനം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിലെ പൊതുഭരണ (സി.ഇ.സെൽ ) വകുപ്പിൽ അപേക്ഷകരുടെ പേര് രജിസ്റ്റർ ചെയ്ത്, പ്രസ്തുത വകുപ്പ് മുഖേനയാണ് ഒഴിവ് നിർണ്ണയിച്ച് നൽകുന്നത്. |

| | |
|---|---|
| (സി) ശ്രീ. ശ്രീജിത്ത് ആർ.എസ്, പൗർണമി, പെരുമണ്ണൂർ പി.ഒ ., വാളകം, ടിയാളുടെ പിതാവും ഗവ. എൽ.പി.എസ്. വാളകം പ്രഥമാധ്യാപകനുമായിരുന്ന പി. രാജൻ സർവ്വീസിലിരിക്കെ മരണപ്പെട്ട സാഹചര്യത്തിൽ ആശ്രിതനിയമനത്തിനായി സമർപ്പിച്ച 52461/L3/2013/TGEdn. നമ്പർ ഫയലിന്മേലുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (സി) ശ്രീ. ശ്രീജിത്ത്, ആർ.എസ് ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷ അടങ്ങുന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 52461/എൽ3/13/പൊ.വി.വ. നമ്പർ ഫയൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അനുമതിയ്ക്കായി ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ